"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 36/2012 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് നൽകിയ ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്ത് പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.56/2025/LSGD തീയതി, തിരുവനന്തപുരം, 06-01-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.36/2012 നമ്പർ കേസിന്മേലുള്ള 27/11/2014 തീയതിയിലെ വിധിന്യായം.
2. സ.ഉ.(പി)നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 27/08/2024 തീയതിയിലെ എ3/103/2012/ടിഡ നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം. 2285/2024/ത.സ്വ.ഭ.വ, തീയതി, 25/11/2024.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 26/11/2024 തീയതിയിലെ കെ1-173329/19 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 229/1 (Re.Sy. No. 190-ൽ ഉൾപ്പെട്ട 0.50 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 36/2012 നമ്പർ കേസിലെ 30/09/2024 വരെയുള്ള ബാലൻസ് വിധിക്കടത്തുകയായ 48,58,171/- രൂപ (നാല്പത്തിയെട്ട് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി ഒരുന്നൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. മനു & ശ്രീ. മഹേഷ് എന്നിവർക്ക് അനുവദിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചതിനെതുടർന്ന് ടി തുക '4217-60-800-93 (Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) എന്നാൽ എൽ.എ.ആർ. 36/2012 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക ബന്ധപ്പെട്ട കക്ഷികൾക്ക് ലഭിക്കാതിരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം സബ് കോടതിയിൽ 09/11/2024-ൽ നടന്ന ലോക് അദാലത്തിൽ ടി കേസ് പരിഗണിക്കുകയും 09/11/2024 വരെയുള്ള പലിശ കണക്കാക്കി 48,84,960/- രൂപ (നാല്പത്തിയെട്ട് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) 31/05/2025-നകം തുക ഡെപ്പോസിറ്റ് ചെയ്യണമെന്ന വ്യവസ്ഥയിൽ സെറ്റിൽ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ പരാമർശം (4) ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്ത് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ 48,84,960/- രൂപ (നാല്പത്തിയെട്ട് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിന് നടപടി

സ്വീകരിക്കണമെന്നും പരാമർശം (5) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 229/1 (Re.Sy. No. 190)-ൽ ഉൾപ്പെട്ട 0.50 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 36/2012 നമ്പർ കേസിലെ 30/09/2024 വരെയുള്ള ബാലൻസ് വിധിക്കടത്തുകയായ 48,58,171/- രൂപ ടി കേസിലെ കക്ഷികളായ ശ്രീ. മനു & ശ്രീ. മഹേഷ് എന്നിവർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയ പരാമർശം (4) സർക്കാർ ഉത്തരവ് റദ്ദ് ചെയ്യും ബഹു. തിരുവനന്തപുരം സബ് കോടതിയിൽ 09/11/2024-ൽ നടന്ന ലോക് അദാലത്തിൽ, 09/11/2024 വരെയുള്ള പലിശ കണക്കാക്കി, 31/05/2025-നകം തുക കോടതിയിൽ ഡെപ്പോസിറ്റ് ചെയ്യണമെന്ന വ്യവസ്ഥയിൽ ഒത്തുതീർപ്പിലെത്തിയ 48,84,960/- രൂപ (നാല്പത്തിയെട്ട് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. മനു (S/o ഗോപാലൻ, റ്റി.സി.2/1068-1, പുത്തൻവിളാകം പുരയിടം, പട്ടം, തിരുവനന്തപുരം) & ശ്രീ. മഹേഷ് (S/o ഗോപാലൻ, റ്റി.സി.2/1068-1, പുത്തൻവിളാകം പുരയിടം, പട്ടം, തിരുവനന്തപുരം) എന്നിവർക്ക് '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYAKUMARI P**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ.മനു, S/o ഗോപാലൻ, റ്റി.സി.2/1068-1, പുത്തൻവിളാകം പുരയിടം, പട്ടം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
ശ്രീ.മഹേഷ്, S/o ഗോപാലൻ, റ്റി.സി.2/1068-1, പുത്തൻവിളാകം പുരയിടം, പട്ടം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
നിയമ (സ്യൂട്ട് II) വകുപ്പ് (ST-III/157/2024-LAW)
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/123/2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 06-01-2025 18:40:11

സെക്ഷൻ ഓഫീസർ